**കൂട്ടനശീകരണായുധമെന്ന കളവ്**

കൂട്ട നശീകരണായുധം എന്നത് കളവായിരുന്നുവെന്ന് സി.ഐ.എയുടെ മുഖ്യ ആയുധ പരിശോധകൻതന്നെ പിന്നീട് വെളിപ്പെടുത്തി. യൂഫ്രട്ടീസ്-ടൈഗ്രിസ് ജലവും എണ്ണ സമ്പത്തുമായിരുന്നു അമേരിക്കൻ ലക്ഷ്യമെന്ന് വിലയിരുത്തപ്പെടുന്നു. 'രാസ-ജൈവായുധങ്ങളും നിർമിക്കാൻ സാധ്യതയുള്ള ആണവായുധവും ഇസ്‌ലാമിക ഭീകരവാദത്തിനു ബലം പകരും' -യു.എസ് പ്രസിഡന്റ് ജോർജ് ഡബ്ല്യു. ബുഷ് വാദിച്ചു.

## കോർപറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ പദവികൾ രാജിവെച്ചു

**തൃശൂർ:** കോർപറേഷനിലെ കോൺഗ്രസ് അംഗങ്ങൾ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പദവികൾ രാജിവെച്ചു. നഗരാസൂത്രണകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജോൺ ഡാനിയൽ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ലാലി ജെയിംസ്, വിദ്യാഭ്യാസകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എൻ.എ. ഗോപകുമാർ എന്നിവരാണ് ഡി.സി.സി തീരുമാനമനുസരിച്ച് കോർപറേഷൻ സെക്രട്ടറിക്ക് രാജികത്ത് നൽകിയത്.

ധാരണയനുസരിച്ച് കഴിഞ്ഞ സെപ്റ്റംബറിൽ രാജിവെക്കേണ്ടതായിരുന്നെങ്കിലും ഇത് പിന്നീട് ഡിസംബറിലേക്ക് മാറ്റി. എന്നിട്ടും ഡി.സി.സി തലത്തിൽ ധാരണയായില്ല. ഇതോടെ രണ്ട് കൗൺസിലർമാർ പരസ്യ പ്രതിഷേധത്തിനിറങ്ങുമെന്നും തൃശൂരിൽ മല്ലികാർജുൻ ഖാർഗെ പങ്കെടുക്കുന്ന തെരഞ്ഞെടുപ്പ് പ്രചാരണ സമ്മേളനത്തിനോടനുബന്ധിച്ച് കുത്തിയിരിപ്പ് സമരം നടത്തുമെന്നും പ്രഖ്യാപിച്ചിരുന്നു. രാജിയിൽ ഉടൻ തീരുമാനമെടുക്കാമെന്ന ധാരണയിലായിരുന്നു സമരത്തിൽ നിന്നും ഇവരെ പിൻവലിച്ചത്. നഗരാസൂത്രണ സ്റ്റാൻഡിങ് കമ്മിറ്റിയിൽ മുകേഷ് കുളപറമ്പിലും, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ ശ്യാമള മുരളീധരനും, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റിയിൽ ലീല വർഗീസും ചെയർമാൻമാരായേക്കുമെന്നാണ് സൂചന.

## ഡ്രൈവിങ് സ്കൂൾ ഉടമകളുടെ കലക്ടറേറ്റ് മാർച്ച് ഇന്ന്

**തൃശൂർ:** ഡ്രൈവിങ് ടെസ്റ്റ് പരിഷ്കാര നിർദേശത്തിനെതിരെ പരസ്യ പ്രതിഷേധവുമായി സി.പി.എം സംഘടന. ഡ്രൈവിങ് സ്കൂൾ ഉടമകളെയും തൊഴിലാളികളെയും വഴിയാധാരമാക്കി കുത്തകകൾക്ക് വഴിയൊരുക്കുന്ന ഗതാഗതവകുപ്പിന്റെ സർക്കുലർ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഡ്രൈവിങ് സ്കൂൾ ഓണേഴ്സ് സമിതി ബുധനാഴ്ച കലക്ടറേറ്റിലേക്ക് മാർച്ചും ധർണയും സംഘടിപ്പിക്കും.

രാവിലെ പത്തിന് അയ്യന്തോൾ ചുങ്കത്തുനിന്ന് മാർച്ച് ആരംഭിക്കും. വ്യാപാരി വ്യവസായി സമിതി ജില്ല പ്രസിഡന്റ് വിജയ്ഹരി ധർണ ഉദ്ഘാടനം ചെയ്യും. സർക്കുലർ പിൻവലിച്ചില്ലെങ്കിൽ നിയമപരമായും സമരത്തിലൂടെയും നേരിടുമെന്നും സമിതി ജില്ല സെക്രട്ടറി എം.വി. സുരേഷ്, എം.എൻ. പ്രവീൺ, ചന്ദ്രൻ മമ്മിയൂർ, കെ.ജെ. സേവ്യർ, പി.സി. തോമസ് എന്നിവർ വാർത്തസമ്മേളനത്തിൽ പറഞ്ഞു.

## ഇ.പി.എഫ് ജനസമ്പർക്ക പരിപാടി

**തൃശൂർ:** ഇ.പി.എഫ് ജില്ല ഓഫിസും ഇ.എസ്.ഐ കോർപറേഷൻ തൃശൂർ റീജനൽ ഓഫിസും സംയുക്തമായി നടത്തുന്ന ബോധവത്കരണ/ പരാതി പരിഹാര അദാലത്ത് 27ന് രാവിലെ 10 മുതൽ തൃശൂർ റൗണ്ട് നോർത്തിലുള്ള ഇ.എസ്.ഐ റീജനൽ ഓഫിസിൽ നടക്കും.

അദാലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പി.എഫ് ഓഫിസിന്റെ ശക്തൻ തമ്പുരാൻ നഗറിലുള്ള ഓഫിസിൽ നേരിട്ടുവന്നോ, do.thrissur@epfindia.gov.in എന്ന ഇ-മെയിൽ മുഖേനയോ രജിസ്റ്റർ ചെയ്യാം. സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവുമുണ്ട്.

# തപാൽ വോട്ടിന് അപേക്ഷിക്കുന്ന മുതിർന്ന/ഭിന്നശേഷി പൗരന്മാർക്ക് ബൂത്തിൽ വോട്ടില്ല

» **ജില്ലയിൽ 85ന് മുകളിൽ പ്രായമുള്ള വോട്ടർമാർ 25,489; ഭിന്നശേഷിക്കാർ 26,747**

**തൃശൂർ:** തൃശൂർ ലോക്സഭ മണ്ഡലം പൂർണമായും ചാലക്കുടി, ആലത്തൂർ ലോക്സഭ മണ്ഡലങ്ങളുടെ മൂന്ന് വീതം നിയമസഭ മണ്ഡലങ്ങളും ഉൾപ്പെടുന്ന ജില്ലയിൽ ജനുവരി 22 വരെയുള്ള കണക്ക് പ്രകാരം വോട്ടർമാരുടെ എണ്ണം 25,90,721. ഇതിൽ 13,52,552 സ്ത്രീകളും 12,38,114 പുരുഷന്മാരും 55 ട്രാൻസ്ജെൻഡർ വോട്ടർമാരുമാണുള്ളത്. 85 വയസ് കഴിഞ്ഞ 25,489 വോട്ടർമാരും ഭിന്നശേഷിക്കാരായ 26,747 പേരുമുണ്ട്. 1,194 സ്ഥലങ്ങളിലായി ആകെ 2,319 പോളിങ് സ്റ്റേഷനുകളാണ് ഒരുക്കുന്നത്. 85 വയസും അതിന് മുകളിലും പ്രായമുള്ളവർക്ക് വീട്ടിൽ വോട്ട് ചെയ്യാൻ ഇത്തവണ സൗകര്യമുണ്ട്. വീട്ടിലെത്തുന്ന ബി.എൽ.ഒമാർ മുഖേനയാണ് അപേക്ഷിക്കേണ്ടത്. അതേസമയം, ഈ രീതിയിൽ വോട്ട് ചെയ്യാൻ അപേക്ഷിച്ചാൽ പിന്നീട് ബൂത്തിലെത്തി വോട്ട് ചെയ്യാൻ അനുവദിക്കില്ലെന്ന് കലക്ടർ വി.ആർ. കൃഷ്ണതേജ വാർത്തസമ്മേളനത്തിൽ അറിയിച്ചു. ബി.എൽ.ഒമാർ എത്താത്തതോ മറ്റോ ആയ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ '1950' എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കാം.

### ഇരട്ട വോട്ട്

ഇരട്ട വോട്ട് കണ്ടെത്താൻ വിവിധ തലങ്ങളിൽ പരിശോധന നടക്കുന്നുണ്ട്. ഘട്ടങ്ങളായി നടക്കുന്ന പരിശോധനയിൽ കുറെ വോട്ട് നീക്കിയിട്ടുണ്ട്. പരിശോധന തുടരുകയാണ്.

### പുതിയ വോട്ടർമാർക്ക് 25 വരെ അപേക്ഷിക്കാം

വോട്ടർ പട്ടികയിൽ ഉൾപ്പെടാനും നീക്കം ചെയ്യപ്പെട്ടവർക്ക് പട്ടികയിൽ ചേർക്കാനും ഈമാസം 25 വരെ അപേക്ഷിക്കാം. മണ്ഡലത്തിനകത്ത് മറ്റൊരിടത്തേക്ക് വോട്ട് മാറ്റാനും ഈ ദിവസം വരെയാണ് അപേക്ഷിക്കേണ്ടത്.

### ബി.ജെ.പി പരാതി പരിശോധിക്കും

സംസ്ഥാന തെരഞ്ഞെടുപ്പ് കമീഷന്റെ ബ്രാൻഡ് അംബാസഡറായ നടൻ ടൊവിനെ തോമസിനൊപ്പമുള്ള ചിത്രം ഇടത് സ്ഥാനാർഥി വി.എസ്. സുനിൽകുമാർ സമൂഹ മാധ്യമത്തിൽ പങ്കുവെച്ച് മാതൃക പെരുമാറ്റച്ചട്ടം ലംഘിച്ചുവെന്ന ബി.ജെ.പിയുടെ പരാതി ബന്ധപ്പെട്ട സമിതി പരിശോധിക്കും.

### ഭിന്നശേഷി വോട്ടർമാർ സർട്ടിഫിക്കറ്റ് ഹാജരാക്കണം

ഭിന്നശേഷി വോട്ടർമാർക്കും മുതിർന്ന പൗരന്മാരെപ്പോലെ വോട്ട് ചെയ്യാൻ പ്രത്യേകം സൗകര്യമുണ്ട്. എന്നാൽ, ഇവരുടെ തെരഞ്ഞെടുപ്പ് രേഖകളിൽ ഭിന്നശേഷിക്കാരാണെന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ, 40 ശതമാനത്തിലധികം ഭിന്നശേഷിയുണ്ടെന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റും ഉണ്ടാകണം.

### സ്ത്രീകൾക്ക് മാത്രമായി ബൂത്തില്ല; സ്ത്രീ ഓഫിസർമാർ മാത്രമുള്ള ബൂത്തുണ്ടാകും

ഇത്തവണ ജില്ലയിൽ സ്ത്രീ വോട്ടർമാർക്ക് മാത്രമായി ബൂത്ത് ഉണ്ടാകില്ല. മുൻകാലങ്ങളിൽ ജില്ലയുടെ തീരമേഖലയിൽ ഇത്തരം ബൂത്തുണ്ടായിരുന്നു. അതേസമയം, വനിത പോളിങ് ഉദ്യോഗസ്ഥർ മാത്രമുള്ള ബൂത്തുകളുണ്ടാകും. ആകെ ബൂത്തുകളിൽ അഞ്ച് ശതമാനം ഇത്തരത്തിലാകണം എന്നാണ് ഏകദേശ ധാരണ.

തൃശൂർ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി കെ. മുരളീധരന് ധീവരസഭ തൊപ്പിയും പങ്കായവും സമ്മാനിച്ചപ്പോൾ

ഒല്ലൂര പനംകുറ്റിച്ചിറയിൽ പര്യടനത്തിനിടെ എൽ.ഡി.എഫ് സ്ഥാനാർഥി വി.എസ് സുനിൽകുമാറിനൊപ്പം സെൽഫിയെടുക്കുന്നവർ

# ചൂടോടെ വോട്ടുപിടിത്തം

2024 പോൾ കാസ്റ്റ്

» **പൂരത്തിൽ പങ്കെടുത്തും വിത്തെറിഞ്ഞും സുനിൽകുമാറിന്റെ യാത്ര**

» **ആരതിയുഴിഞ്ഞും പൂർണകുംഭം നൽകിയും മുരളീധരനെ വരവേറ്റ് നാട്ടിക**

**തൃശൂർ:** തൈക്കാട്ടുശേരി പൂരത്തിൽ പങ്കെടുത്തും ഒറാംപാടത്ത് റാഗി കൃഷിക്ക് വിത്തെറിഞ്ഞും ഒല്ലൂർ നിയോജക മണ്ഡലത്തിൽ എൽ.ഡി.എഫ് സ്ഥാനാർഥി വി.എസ്. സുനിൽ കുമാറിന്റെ മൂന്നാംഘട്ട പര്യടനം. മന്ത്രി കെ. രാജനും എൽ.ഡി.എഫ് നേതാക്കൾക്കുമൊപ്പമാണ് സ്ഥാനാർഥി പര്യടനം നടത്തിയത്. രാവിലെ തൈക്കാട്ടുശേരി ശ്രീ ദുർഗാദേവി ക്ഷേത്രത്തിലെ പൂരത്തിൽ പങ്കെടുത്ത സുനിൽകുമാർ, അവിടെ വെച്ച് മേള പ്രമാണി പെരുവനം കുട്ടൻമാരാരെ പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന്, വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് വോട്ടഭ്യർഥിച്ചു. മഹാത്മാഗാന്ധി യൂനിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് നേടിയ സിജി സന്തോഷിനെ ആദരിച്ചശേഷം നേരെ പോയത് ഒറയംപാടത്തേക്കാണ്. അവിടെ റാഗി കൃഷി വിത്ത് വിതച്ചു ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ സ്ഥലങ്ങളിലെത്തിയ സ്ഥാനാർഥിക്ക് ഊഷ്മള സ്വീകരണമാണ് ലഭിച്ചത്. പട്ടാളക്കുന്ന് നിവാസികളും മണ്ണുത്തി സെന്ററിലെ ഓട്ടോ തൊഴിലാളികളും പൂച്ചെട്ടി നിവാസികളും വലക്കാവ് സെന്റർ നിവാസികളും സ്വീകരണം നൽകി. രാത്രി ഏറെ വൈകിയാണ് ഒല്ലൂർ നിയോജകമണ്ഡലത്തിലെ പര്യടനം പൂർത്തിയായത്. ബുധനാഴ്ച പുതുക്കാട് മണ്ഡലത്തിലാണ് പര്യടനം.

**തൃശൂർ:** ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി കെ. മുരളീധരന്റെ ചൊവ്വാഴ്ചയിലെ പര്യടനം നാട്ടിക മണ്ഡലത്തിലായിരുന്നു. രാവിലെ എടമുട്ടം സെന്ററിൽ എത്തിയപ്പോൾ പ്രവർത്തകർ ആവേശ സ്വീകരണമാണ് നൽകിയത്.

തുടർന്ന് എടമുട്ടം സെൻട്രലിലെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും വോട്ട് അഭ്യർഥിച്ചു തുടർന്ന് കഴിമ്പ്രം എസ്.എൻ.ഡി.പി യോഗം ഹയർ സെക്കൻഡറി സ്കൂൾ, കോതകുളം ടൗൺ, വലപ്പാട് ചന്തപ്പടി, മീഞ്ചന്ത തുടങ്ങിയ സ്ഥലങ്ങളിലും വോട്ടർമാരെ കണ്ടു. നാട്ടിക ഗവ. ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിലേക്കുള്ള യാത്രയിൽ അമ്മ സദസിലെ സ്ത്രീകൾ ആരതി ഉഴിഞ്ഞാണ് സ്ഥാനാർഥിയെ വരവേറ്റത്. തുടർന്ന് നാട്ടിക ബീച്ച്, നാട്ടിക വെസ്റ്റ് കെ.എം.യു.പി സ്കൂൾ, കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ വോട്ടഭ്യർഥിച്ചു. തളിക്കുളം കോൺഗ്രസ് ഹൗസിൽ എത്തിയ സ്ഥാനാർഥിയെ പൂർണകുംഭം നൽകിയാണ് എതിരേറ്റത്. തുടർന്ന് സെൻട്രൽ സ്കൂൾ തളിക്കുളം, തളിക്കുളം ജുമാമസ്ജിദ് എന്നിവിടങ്ങളിലും സന്ദർശനം നടത്തി. മുറ്റിച്ചൂർ ജുമാമസ്ജിദ് സന്ദർശിക്കുകയും ജമാലുദ്ദീൻ അഹമ്മദ് ഖാദരിയുടെ മഖാം സന്ദർശിച്ച് പ്രാർഥിക്കുകയും ചെയ്തു. തുടർന്ന് പുത്തൻപീടിക സെന്റ് ആന്റണീസ് ചർച്ച്, പുത്തൻപീടിക ബാങ്ക് ഓഫ് ഇന്ത്യ, പെരിങ്ങാട്ടുകര നമ്പൂതിരി യോഗക്ഷേമസഭ ബാങ്ക്, അന്തിക്കാട് പഞ്ചായത്ത് യു.ഡി.എഫ് തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫിസ് തുടങ്ങിയ സ്ഥലങ്ങളിലും എത്തി വോട്ട് തേടി. ധീവരസഭ സംസ്ഥാന സെക്രട്ടറി പി.വി. ജനാർദ്ദനനെ സന്ദർശിച്ച് വോട്ട് അഭ്യർത്ഥിച്ചു. പിന്നീട് സംവിധായകൻ സത്യൻ അന്തിക്കാടിന്റെ വസതിയിലും സന്ദർശനം നടത്തി. ഉച്ചക്ക് ശേഷം പഴുവിൽ ശ്രീ ഗോകുലം പബ്ലിക് സ്കൂൾ സന്ദർശിച്ച് വോട്ട് അഭ്യർഥിച്ചു.

തുടർന്ന് ചിറക്കൽ സാമോറിൻ വൈദിക മന്ദിരത്തിൽ എത്തി മാർ വ. ഫാ. ജിന്റോ പെരപ്പാടനെ സന്ദർശിച്ചു അനുഗ്രഹം വാങ്ങി. പഴുവിൽ സെൻട്രൽ ജുമാമസ്ജിദിൽ എത്തിയപ്പോൾ സി.പി.എമ്മിൽനിന്ന് കോൺഗ്രസിലേക്കെത്തിയ ഷറഫുദ്ദീൻ വലിയകത്തിനെ ഷാൾ അണിയിച്ചു സ്വീകരിച്ചു. ബുധനാഴ്ച ഒല്ലൂർ മണ്ഡലത്തിലാണ് പര്യടനം.

ധീവരസഭ പ്രവർത്തകർ മുരളീധരന് മത്സ്യത്തൊഴിലാളികളുടെ തൊപ്പിയും പങ്കായവും സമ്മാനിച്ചു.

പെൻഷനേഴ്സ് യൂനിയൻ 32ാം ജില്ല സമ്മേളനം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യുന്നു

## നവകേരള നിർമിതിക്ക് അടിത്തറയിട്ടത് ഇന്നത്തെ പെൻഷൻകാർ -മന്ത്രി കെ. രാജൻ

**അന്തിക്കാട്:** നവകേരള നിർമിതിക്ക് അടിത്തറയിട്ടത് ഇന്നത്തെ പെൻഷൻകാരാണെന്ന് മന്ത്രി അഡ്വ. കെ. രാജൻ. പെൻഷനേഴ്സ് യൂനിയൻ 32ാം ജില്ല സമ്മേളനം അന്തിക്കാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ല പ്രസിഡന്റ് ഇ.വി. ദശരഥൻ മാസ്റ്റർ, പി. ചിത്രൻ നമ്പൂരിപ്പാട് നഗറിൽ പതാക ഉയർത്തി. പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് എൻ. സദാശിവൻ നായർ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് ഇ.വി. ദശരഥൻ അധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർമാൻ സി.സി. മുകുന്ദൻ എം.എൽ.എ സംസാരിച്ചു. ജില്ല സെക്രട്ടറി കെ. ചന്ദ്രമോഹൻ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ.എം. ശിവരാമൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. 22 ബ്ലോക്കിൽനിന്നുള്ള പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. ജോയ് മണ്ടകത്ത് സ്വാഗതവും കെ.എ. ഹനീഫ നന്ദിയും പറഞ്ഞു.

## കുന്നംകുളത്ത് ടൊയോട്ട വാഹനങ്ങളുടെ പ്രദർശനവും പ്രത്യേക ആനുകൂല്യങ്ങളും

**കുന്നംകുളം:** 'മാർവെലസ് മാർച്ച്' ആനുകൂല്യങ്ങളുമായി നിപ്പോൺ ടൊയോട്ട. ടൊയോട്ട വാഹനങ്ങളുടെ പ്രത്യേക പ്രദർശനവും ഒരുമണിക്കൂറിനുള്ളിൽ [illegible] നൽകാനും എക്സ്ചേഞ്ച് ചെയ്യാനുമുള്ള സൗകര്യവും ബുധൻ, വ്യാഴം ദിവസങ്ങളിൽ കുന്നംകുളത്തെ പഴയ ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള കാർ പാർക്കിങ് ഗ്രൗണ്ടിൽ ഉണ്ടാ[illegible] 9947086043.

SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING

**Regional Office Thrissur**: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001
Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017

**Ref: TCR/RO/REC/SAR/SN/ABI/145/2023-24** തീയതി : 18.03.2024

**ഇ – ലേല വിൽപ്പന അറിയിപ്പ്**

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ- ലേല വിൽപ്പന അറിയിപ്പ്.

**വായ്പക്കാർ/ജാമ്യക്കാർ :– (1). ശ്രീ. ഷറഫുദീൻ (2). ശ്രീമതി. ഷാമീന ഷറഫുദീൻ (3). ശ്രീ. റഷീദ് ഷറഫുദീൻ** എല്ലാവരുടെയും വിലാസം: മന്നലാംകുന്നത്ത് ഹൗസ്, എം.കെ.കുഞ്ഞാദു സാഹിബ് റോഡ്, എടക്കഴിയൂർ, തൃശ്ശൂർ - 680515

താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, **ചാവക്കാട് മെയിൻ ബ്രാഞ്ചിൽ** (സെക്യൂരഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ **ഭൗതീകമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 17. 03. 2024 – ാം തീയതിക്ക് രൂ. 2,32,17,564. 63/– (രണ്ട് കോടി മുപ്പത്തിരണ്ട് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി അറുപത്തി നാല് രൂപ അറുപത്തിമൂന്ന് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം,** മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ ചാവക്കാട് മെയിൻ ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തുതന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ **30. 04. 2024 ന് വിൽപ്പന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

**വസ്തുവിന്റെ വിവരണം:**

വസ്തു ഉടമയുടെ പേര്: **ശ്രീ. ഷറഫുദീൻ**, സ്ഥാവര വസ്തുക്കളുടെ വിവരണം: തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, എടക്കഴിയൂർ വില്ലേജിൽ റി.സർവ്വെ നമ്പർ 65/1-P ൽപ്പെട്ട 40 ആർസ് (കൈവശത്തിലെടുത്തത് പ്രകാരം 40.48 ആർസ്) സ്ഥലവും അതോടൊപം പുന്നയൂർ ഗ്രാമ പഞ്ചായത്തിൽപ്പെട്ട താമസയോഗ്യമായ കെട്ടിടവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം ശ്രീ.ഷറഫുദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ളതും അങ്ങത്തോട് സബ് രജിസ്ടാർ ഓഫീസിൽ 12.07.1989 തീയതിയിലെ 850/89-ാം നമ്പർ തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ:– വടക്ക്: പഞ്ചായത്ത് റോഡ്. തെക്ക്: ബക്കർ മറ്റും വക വസ്തു. കിഴക്ക്: മുഹമ്മദലി വക വസ്തു. പടിഞ്ഞാറ്: ഷറഫുദീൻ വക വസ്തു.

**കരുതൽ വില: രൂ. 2,30,67,000/– (രണ്ട് കോടി മുപ്പത് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം)**
**നിരതദ്രവ്യം (EMD): രൂ. 23,06,700/– (ഇരുപത്തിമൂന്ന് ലക്ഷത്തി ആറായിരത്തി എഴുന്നൂറ് രൂപ മാത്രം)**
EMD 29.04.2024 നോ അതിനുമുമ്പോ വൈകുന്നേരം 05.00 മണി വരെ നിക്ഷേപിക്കാം.
**ലേല വർദ്ധന : രൂ. 10,000/– (പതിനായിരം രൂപ മാത്രം)**
**ഇ– ലേലത്തിന്റെ തീയതിയും സമയവും: 30. 04. 2024 രാവിലെ 10. 30 മുതൽ രാവിലെ 11. 00 വരെ**
(വിൽപന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
**ബാങ്കിന് അറിയാവുന്ന ബാധ്യതകൾ:**
**ചുമതലപ്പെടുത്തിയ ഓഫീസർ 01. 03. 1994 മുതൽ 13. 03. 2024 വരെ വസ്തുവിനെ സംബന്ധിച്ച് EC/ തിരയൽ റിപ്പോർട്ട് നേടിയിട്ടുണ്ട്, അതിൽ യാതൊരു ബാധ്യതയും ഇല്ല.**

ലേല വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വെബ് പോർട്ടലിലുള്ള ലിങ്ക് പരിശോധിക്കുക, www.southindianbank.com വെബ്സൈറ്റിലും വിശദാംശങ്ങൾ https://bankauctions.in/ എന്നതിലും ലഭ്യമാണ്

വസ്തുവിന്റെ പരിശോധന, ഇ- ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ലേലം സമർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്ക്, പ്രവൃത്തിസമയത്ത് ചുമതലപ്പെടുത്തിയ ഓഫീസറുമായോ (ടെലി.നമ്പർ: 8921077601) സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, ചാവക്കാട് മെയിൻ ബ്രാഞ്ചുമായോ ബന്ധപ്പെടുക.

ചുമതലപ്പെടുത്തിയ ഓഫീസർ
ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്

തീയതി: 18.03.2024 സ്ഥലം: തൃശ്ശൂർ

## ഫാഷിസത്തിനെതിരെ ഐക്യസന്ദേശമുയർത്തി ജമാഅത്തെ ഇസ്‌ലാമി ഇഫ്താർ

**തൃശൂർ:** സാംസ്കാരിക പ്രവർത്തകരെയും രാഷ്ട്രീയ നേതാക്കളെയും ആക്ടിവിസ്റ്റുകളെയും പങ്കെടുപ്പിച്ച് ജമാഅത്തെ ഇസ്‌ലാമിയുടെ ആഭിമുഖ്യത്തിൽ നടന്ന ഇഫ്താറിൽ ഉയർന്നത് ഫാഷിസത്തിനെതിരെയുള്ള ഐക്യസന്ദേശം. ജില്ല കമ്മിറ്റി സംഘടിപ്പിച്ച പരിപാടി പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. രാജ്യത്ത് വംശീയ നീക്കം നടക്കുന്നത് വലിയ അപകടമാണെന്ന് സമാപന പ്രസംഗത്തിനിടെ കേരള അമീർ പി. മുജീബുറഹ്മാൻ പറഞ്ഞു. ഭയപ്പെടുത്തുന്ന രാജ്യത്തിന് മുന്നിൽ ഭയപ്പെടാതെ ഒന്നിച്ചുനിൽക്കലാണ് പ്രതിരോധം. മനുഷ്യബന്ധങ്ങൾ വിളക്കിച്ചേർത്താൽ അപരവത്കരണത്തെ ചെറുക്കാനാവും. വ്യത്യസ്തതയാണ് രാജ്യത്തിന്റെ കരുത്തെന്നും അദ്ദേഹം വ്യക്തമാക്കി.

ജില്ല പ്രസിഡന്റ് കെ.കെ. ഷാനവാസ് അധ്യക്ഷത വഹിച്ചു. മന്ത്രി കെ. രാജൻ, ടി.എൻ. പ്രതാപൻ എം.പി, മേയർ എം.കെ. വർഗീസ്, മുൻ മന്ത്രി കെ.പി. രാജേന്ദ്രൻ, സി.പി.ഐ ജില്ല സെക്രട്ടറി കെ.കെ. വത്സരാജ്, ഡി.സി.സി പ്രസിഡന്റ് ജോസ് വള്ളൂർ, മുസ്‌ലിം ലീഗ് ജില്ല പ്രസിഡന്റ് സി.എ. മുഹമ്മദ് റഷീദ്, വെൽഫെയർ പാർട്ടി സംസ്ഥാന സെക്രട്ടറി പ്രേമ ജി. പിഷാരടി, പ്രഫ. എം. കൃഷ്ണൻ നായർ, ചേതന സംഗീത -നാട്യ അക്കാദമി ഡയറക്ടർ ഫാ. പോൾ പുവത്തിങ്കൽ, തിരുവമ്പാടി ദേവസ്വം പ്രസിഡന്റ് ഡോ. സുന്ദർ മേനോൻ, തൃശൂർ സൗഹൃദ വേദി ജനറൽ സെക്രട്ടറി പ്രഫ. ജോൺ സിറിയക്, അഡ്വ. വി.ആർ. അനൂപ്, സി.എസ്.ചന്ദ്രിക, അഖില കേരള എഴുത്തച്ഛൻ സമാജം സംസ്ഥാന പ്രസിഡന്റ് അഡ്വ. പി.ആർ. സുരേഷ്, സി.വി. പാപ്പച്ചൻ, പി.എൻ. ഗോപീകൃഷ്ണൻ, ശ്രീനാരായണ ഗുരു ധർമ ട്രസ്റ്റ് ചെയർമാൻ പി.കെ. സുദീഷ് ബാബു എന്നിവർ സംസാരിച്ചു.

ജില്ല പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, കെ.കെ. കൊച്ചുമുഹമ്മദ്, ഒ. അബ്ദുറഹ്മാൻ കുട്ടി, കവി രാവുണ്ണി, വെൽഫെയർ പാർട്ടി ജില്ല പ്രസിഡന്റ് എം.കെ. അസ്‌ലം, ജില്ല ജനറൽ സെക്രട്ടറി സി.എ. ഉഷാകുമാരി, കുംഭാരസഭ സംസ്ഥാന പ